ഗ്യാലറികളിലും എല്ലാം ഇരിക്കുന്നവർക്ക് നിബന്ധനകളും ചട്ടങ്ങളും പ്രകാരം കർശനമായ അച്ചടക്കം പാലിക്കാൻ വ്യവസ്ഥയുള്ളപ്പോൾ ഈ സഭയുടെ അന്തസ്സ് കാത്തുസൂക്ഷിക്കേണ്ട ബഹുമാനപ്പെട്ട അംഗങ്ങളിൽ നിന്നുതന്നെ ഇത്തരം ഗുരുതര മായ പ്രവർത്തനങ്ങൾ ഉണ്ടാകുന്നത് ചെയർ ഗൗരവമായി പരിശോധിക്കണം. മാത്രമല്ല മാധ്യമങ്ങളിൽ പ്രസിദ്ധീകരിച്ചില്ലെങ്കിൽപ്പോലും വരും നാളുകളിൽ തെരഞ്ഞെടുപ്പു കളിൽ അടക്കം ഇതെല്ലാം ദുരുപയോഗപ്പെടുത്തുന്നതിനുള്ള സാഹചര്യമുണ്ട്. അതു കൊണ്ട് ഗൗരവമായി ഈ സഭ ഇക്കാര്യം പരിഗണിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കു കയാണ് .......(ബഹളം) .........

*ശ്രീ. കെ. ബി. ഗണേഷ് കുമാർ* : സർ, ഷുഗറിന്റെ അസുഖമുള്ളതുകൊണ്ട് സഭയിൽ തളർന്നിരുന്നു മയങ്ങിപ്പോയ ശ്രീ. ഉമേഷ്ചള്ളിയലിന്റെ ചിത്രം തെരഞ്ഞെടുപ്പിൽ ഉപയോഗിച്ചത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ? .......... (ബഹളം) ...... ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ്.

*മി. സ്പീക്കർ* : പ്ലീസ്.......പ്ലീസ്.........

*ശ്രീ. കോടിയേരി ബാലകൃഷ്ണൻ* : സർ, വളരെ ഗൗരവമുള്ള ഒരു കാര്യമാണ്. അത് ലഘൂകരിക്കാനാണ് ശ്രീ. ഉമേഷ്ചള്ളിയലിന്റെ കാര്യം ഇവിടെ പറയുന്നത്. ശ്രീ. ഉമേഷ്ചള്ളിയലിന്റേത്, ബഹുമാനപ്പെട്ട ഗവർണ്ണർ ഇവിടെ വന്ന ദിവസം ഉണ്ടായത്, പത്രത്തിലൊക്കെ വന്നതാണ്. അത് പത്രത്തിൽ വന്ന കാര്യം മാത്രമാണ്. ഒരു പുതിയ സംഭവമാണ് ഇവിടെ റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നത്. അതിന്റെ ഗൗരവത്തിൽ സ്പീക്കർ ഇത് കൈകാര്യം ചെയ്യണം.

## റൂളിംഗ്

*മി. സ്പീക്കർ* : ഇതുസംബന്ധിച്ച് ചെയറിന് പറയാനുള്ളത്, നമ്മുടെ നിയമ സഭയ്ക്ക് നടപടിക്രമങ്ങളുണ്ട്, അതിന്റെ നിയമങ്ങളുണ്ട്. അതനുസരിച്ചുകൊണ്ടാണ് എല്ലാ അംഗങ്ങളും പ്രവർത്തിക്കേണ്ടത്. ഇപ്പോൾ ആധുനിക സജ്ജീകരണങ്ങളോടു കൂടിയുള്ള മൊബൈൽ ഫോൺ എല്ലാവരുടേയും കൈയിലുണ്ട്. നമ്മുടെ നിയമസഭാ നടപടിക്രമങ്ങൾ ബഹുമാനപ്പെട്ട അംഗങ്ങൾ മൊബൈൽ ഫോണിലൂടെ എടുത്ത് പുറത്തു പ്രസിദ്ധീകരിക്കുന്നത് തികച്ചും തെറ്റായ ഒരു നടപടിക്രമമാണ്. ഏതെങ്കിലും അംഗങ്ങൾ അത്തരം നടപടിയുമായിട്ട് മുന്നോട്ടുപോവുകയാണെങ്കിൽ, അത് ചെയറിന്റെ ശ്രദ്ധയിൽപ്പെടുകയാണെങ്കിൽ, കർശനമായ നടപടി സ്വീകരിക്കുന്നതായിരിക്കും.

*ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ* : സർ, അങ്ങ് പറഞ്ഞ റൂളിംഗിനോട് ഞാനും യോജിക്കുകയാണ്. പക്ഷേ അങ്ങ് നേരത്തേതന്നെ ഒരു റൂളിംഗ് ഇവിടെ കൊടുത്തി രുന്നു. ഈ നിയമസഭയ്ക്ക് അകത്ത് നടത്തേണ്ട ചില നടപടിക്രമങ്ങളും ചിട്ടകളും സംബന്ധിച്ച്. ആ ചിട്ടകൾക്ക് വിരുദ്ധമായി........

LIBRARY ARCHIVES Kerala Legislative Assembly

*മി. സ്പീക്കർ* : അത് ശരിയല്ല എന്നു പറഞ്ഞിട്ടുണ്ട്.

*ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ* : സർ, ഈ സഭയെ ഒന്നാകെ അപമാനിച്ചുകൊണ്ട് ഇവിടെ ഒരു ഇൻഡോസിക്കേറ്റഡായിട്ടുള്ള ഒരു ബോട്ടിൽ കൊണ്ടുവന്നു, അങ്ങ് പിടിച്ചെടുക്കുമെന്നു പറഞ്ഞു.

*മി. സ്പീക്കർ* : അതൊക്കെ അന്നത്തെ നടപടിയാണ്.

*ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ* : സർ, അത് പിടിച്ചെടുത്തോ, നടപടിയായോ, കെമിക്കൽ അനാലിസിസിന് വിട്ടോ, അതിനകത്ത് എത്ര പെർസന്റേജ് ഇൻഡോസികേറ്റഡായിട്ടുള്ള ഐറ്റമുണ്ട്. അത് സഭയ്ക്ക് അറിയാൻ അവകാശമുണ്ട്.

*മി. സ്പീക്കർ* : അതുസംബന്ധിച്ച് ചെയർ അന്നുതന്നെ പ്രസ്താവന നടത്തി. അത്തരം കാര്യങ്ങൾ മോശമായിട്ടുള്ള കാര്യമാണ്. അത് സഭയുടെ അന്തസിന് യോജിച്ച കാര്യമല്ല.......പ്ലീസ്......പ്ലീസ്........

## VI സബ്മിഷൻ

### (1) ആരോഗ്യ സുരക്ഷാ ഇൻഷ്വറൻസ് പദ്ധതി

പ്രതിപക്ഷ നേതാവ് (*ശ്രീ. ഉമ്മൻചാണ്ടി*): സർ, സെപ്തംബർ 19-ാം തീയതി പൊതുഭരണത്തെക്കുറിച്ച് നടന്ന ചർച്ചയിൽ ആരോഗ്യ സുരക്ഷാ ഇൻഷ്വറൻസ് പദ്ധതി പ്രയോജനകരമാണെങ്കിൽ അത് നടപ്പിലാക്കും, അത് പ്രയോജനകരമാണോയെന്ന് പരിശോധിക്കുമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയിൽ പറയുകയുണ്ടായി. ഇപ്പോൾ അത് നടപ്പിലാക്കേണ്ടതില്ലെന്നു തീരുമാനിച്ച് അതിന്റെ തുക തിരിച്ചുവാങ്ങാനുള്ള നിർദ്ദേശം ഗവണ്മെന്റ് സെക്രട്ടറി നല്കിക്കഴിഞ്ഞിരിക്കുകയാണ്. ആരോഗ്യ സുരക്ഷാ ഇൻഷ്വറൻസ് പദ്ധതിയുടെ ഭാഗമായി ഐ.സി.ഐ.സി.ഐ-ലംബാർഡ് കമ്പനിക്ക് ഗുണഭോക്താക്കളുടേയും തദ്ദേശ ഭരണ സ്ഥാപനങ്ങളുടേയും വിഹിതമായി നല്കിയ തുക ഉടൻതന്നെ പദ്ധതി ആരംഭിക്കാത്ത ഘട്ടത്തിൽ തിരികെ വാങ്ങാനാണ് നിർദ്ദേശം കൊടുത്തിരിക്കുന്നത്. ഗവണ്മെന്റ് ഓഫ് ഇന്ത്യ ആവിഷ്ക്കരിച്ച യൂണിവേഴ്സൽ ഹെൽത്ത് ഇൻഷ്വറൻസ് സ്കീമിന്റെ ഭാഗമായിട്ടാണ് കേരളത്തിൽ ഈ ആരോഗ്യ സുരക്ഷാ ഇൻഷ്വറൻസ് പദ്ധതിക്ക് രൂപം കൊടുത്തത്. ഇത് പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനികളെക്കൊണ്ടു മാത്രമേ നടത്തിക്കാവൂ എന്ന് കേന്ദ്ര ഗവൺമെന്റ് വ്യക്തമായ നിർദ്ദേശം നൽകിയിരുന്നു. അതനുസരിച്ച് ടെന്റർ ചെയ്തു. ടെന്റർ

LIBRARY ARCHIVES Kerala Legislative Assembly